

സായാഹ്നം
മനോഹരമാക്കാൻ
ശാന്താദേവിക്ക്
ഒരിടം വേണം.
ഒരു താങ്ങ് വേണം

# ആ അമ്മ തനിച്ചാണ്

ഡോ. വേണുഗോപാൽ

2010 ആഗസ്ത് 9 തിങ്കളാഴ്ച രാവിലെ ഏകദേശം 11.30 ഹോസ്പിറ്റൽ ഡയറക്ടർ ഡോ. പി. മോഹനകൃഷ്ണൻ എന്നെ വിളിക്കുന്നു. എന്തെങ്കിലും അഡ്മിനിസ്ട്രേറ്റീവ് ഇഷ്യൂസ് ആയിരിക്കും എന്നാണ് ആദ്യം കരുതിയത്.

"ഇന്നലെ ഏഷ്യാനെറ്റ് ചാനൽ, സിനിമാ നടി ശാന്താ ദേവിയുടെ ഒരു ഫീച്ചർ ടെലികാസ്റ്റ് ചെയ്തിരുന്നു. മിംസ് ഡയറക്ടറും എം.പി.യുമായ അബ്ദുൾ വഹാബ് അത് കണ്ട് വിളിച്ചിരുന്നു. ശാന്താ ദേവിയുടെ ആരോഗ്യ പ്രശ്നങ്ങളിൽ അടിയന്തരമായി ഇടപെടണം. അതിന്റെ സാമ്പത്തിക വശം എന്തുതന്നെയായാലും മിംസ് കോർപ്പറേറ്റ് നോക്കിക്കൊള്ളാം. എമർജൻസി മെഡിസിൻ വിഭാഗത്തിന് അത് ഏറ്റെടുത്ത് ചെയ്യുന്നതിൽ വിരോധമുണ്ടോ?" അദ്ദേഹം പറഞ്ഞു നിർത്തി.

അനുഗൃഹീത കലാകാരി, അഭിനേത്രി, ദേശീയ പുരസ്കാര ജേതാവ്, സിനിമാ നാടകരംഗത്തെ അപൂർവം പ്രതിഭകളിൽ ഒരാൾ...അവരുടെ ആരോഗ്യ പ്രശ്നങ്ങളിൽ ഇടപെടാനുള്ള അവസരം, സന്തോഷത്തോടെ തന്നെ നിർവഹിക്കാൻ എനിക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. ഇത് എന്നെപ്പോലുള്ളവരുടെ ഒരു ഉത്തരവാദിത്വംകൂടിയാണ്.

ഉടനെതന്നെ, മറ്റു രണ്ട് സ്റ്റാഫ് അംഗങ്ങളേയും കൂട്ടി അത്യാവശ്യം ഒരു ചെക്കപ്പിനുള്ള സാമഗ്രികളുമായി നല്ലളത്തേക്ക് പോകാൻ തീരുമാനിച്ചു. അതിനുള്ള ഒരുക്കങ്ങൾ പെട്ടെന്ന് ചെയ്യാൻവേണ്ട നിർദേശങ്ങൾ കൊടുത്തു.

ശാന്താദേവി എന്ന നടി ഏകയാണ്, ആൾക്കൂട്ടത്തിൽ തനിയെയാണ്, മാനസിക വിഭ്രാന്തിയാണ്, പരസ്പര വിരുദ്ധമായിട്ടാണ് സംസാരിക്കുന്നത്. നഗരത്തിലെ പ്രമുഖ ആശുപത്രികളിൽ ചികിൽസ നടത്തിയിട്ടുണ്ട്. ഇന്ന് രാവിലെ, അവരുടെ സുഹൃത്തുക്കളായ നിലമ്പൂർ ആയിഷയും മറ്റും വന്നിരുന്നു. അവർ ആശുപത്രിയിൽ പോകാൻ നിർബന്ധിച്ചെങ്കിലും വഴങ്ങിയില്ല. അവർ എങ്ങോട്ടും വരാൻ സന്നദ്ധമല്ല. തെറിവിളിച്ചു പറയുന്നു. എല്ലാറ്റിലും വളരെ ശ്രദ്ധിച്ചും കരുതിയും ഇടപെടണം. നല്ലളത്തേക്ക് പുറപ്പെടുന്നതിന് മുൻപ് എനിക്ക് കിട്ടിയ വിവരങ്ങൾ. പുറപ്പെടുന്നതിന് മുൻപ് ഞാൻ സുഹൃത്തും കഥാകൃത്തുമായ ടി.എ. റസാക്കിനെ വിളിച്ചു. കോഴിക്കോട്ടെ കലാകാരൻമാരുടെ ഇടയിൽ മാനുഷിക പ്രശ്നങ്ങളിൽ വളരെ വൈകാരികമായും ആത്മാർഥമായും ഇടപെടുന്നതിൽ റസാക്ക് വ്യത്യസ്തനാണ്. മാസങ്ങൾക്ക് മുൻപ് മലയാളത്തിന്റെ പ്രിയപ്പെട്ട പാട്ടെഴുത്തുകാരൻ ഗിരീഷ് പുത്തഞ്ചേരി അബോധാവസ്ഥയിൽ മിംസ് എമർജൻസി ഡിപ്പാർട്ട്മെന്റിൽ എത്തിയപ്പോഴും ഞാനാദ്യം വിളിച്ചത് റസാഖിനെയായിരുന്നു. റസാഖ് ഗുരുവായൂരിൽ പുതിയ പടത്തിന്റെ പണിപ്പുരയിൽ.

"ബ്രദർ, പോയിനോക്കിവേണ്ടത് ചെയ്യണം. കോടിപുണ്യം കിട്ടും. കുട്ടൻ ശാന്തേച്ചിയുടെ പേരക്കുട്ടിയാണ്. ഒന്ന് വിളിക്കണം. കാര്യം പറഞ്ഞാൽ അവന് ബോധ്യപ്പെടും."

ഉച്ചക്ക് പന്ത്രണ്ട് മണിയോടെ ഞങ്ങൾ നല്ലളത്തുള്ള ശാ

## ശാന്താദേവി

കോഴിക്കോട് അബ്ദുൾഖാദറിന്റെ ഭാര്യ ● സത്യജിത്തിന്റെ അമ്മ ● അഭിനയിച്ച മേഖലകൾ – സിനിമ, നാടകം, സീരിയലുകൾ ● അംഗീകാരങ്ങൾ – വിക്രമൻനായർ ട്രോഫി (1968), ഇടശ്ശേരി മമ്മോറിയൽ ട്രോഫി (1973), സംഗീത – നാടക അക്കാദമി അവാർഡ് (1978), കേരള ഫിലിം ക്രിട്ടിക്സ് അവാർഡ് (1979), സംസ്ഥാന അവാർഡ് (1987), കലിക്കറ്റ് ജൂനിയർ ചേംബർ അവാർഡ് (1992), ദേശീയ അവാർഡ് (ചിത്രം – യമനം), സമഗ്ര സംഭാവനയ്ക്കുള്ള സംഗീത നാടക അക്കാദമി അവാർഡ് ● ആദ്യചിത്രം – മിന്നാമിനുങ്ങ് ● ആദ്യ നാടകം – സ്മാരകം ● വിലാസം – സംഗീത്, നല്ലളം പി. ഒ., കോഴിക്കോട് – 27 ● മക്കൾ – സുരേഷ്ബാബു, സത്യജിത്ത് ● പ്രധാന നാടകങ്ങൾ – ഇൻക്വിലാബിന്റെ മക്കൾ, കെ. ടി. യുടെ ഇത് ഭൂമിയാണ്, കാഫർ, സൃഷ്ടി, തിക്കോടിയന്റെ ജീവിതം, പഴയ ബന്ധം, സ്മാരകം, തീകൊണ്ട് കളിക്കരുത്. ● പ്രധാന ചിത്രങ്ങൾ – മിന്നാമിനുങ്ങ്, മുറപ്പെണ്ണ്, മൂടുപടം, കുഞ്ഞാലിമരയ്ക്കാർ, അശ്വമേധം, കുട്ടിക്കുപ്പായം, ഇരുട്ടിന്റെ ആത്മാവ്, കമലദളം, സ്ഥലത്തെ പ്രധാന പയ്യൻസ് തുടങ്ങി 400 – ൽ അധികം ചിത്രങ്ങൾ.



ശാന്താദേവി

ഫോട്ടോ: കെ.കെ. സന്തോഷ്

**വേണം ഒരു പുനരധിവാസം, മനസ്സിനും, സമൂഹത്തിനും. ഒട്ടനവധി ശാന്താദേവിമാർ പുനരധിവാസം കാത്ത് നിൽക്കുന്നു. എന്ന്, എങ്ങിനെ, മനസ്സിൽ പിന്നെയും ചോദ്യങ്ങൾ ബാക്കി**

ഫോട്ടോ: പി.പി. ബിനോജ്




ചിത്രഭൂമി | ആഗസ്ത് 26 2010



ശാന്താദേവി

ഫോട്ടോ: കെ.കെ. പ്രവീൺ

ന്താദേവിയുടെ വീട്ടിലെത്തി. ഏഷ്യാനെറ്റിലെ ഷാജഹാനും മിംസ് റിലേഷൻ ഡിപ്പാർട്ടമെന്റിലെ സുനിലും ഞങ്ങളുടെകൂടെ ഉണ്ടായിരുന്നു. ദേശീയ പുരസ്കാര ജേതാവ് ശാന്താദേവിയുടെ ഇന്നത്തെ അവസ്ഥ ലോകത്തിന്റെ മുൻപിൽ തുറന്നുവിട്ടത് ഷാജഹാനായിരുന്നു.

ശാന്താദേവിയുടെ വീട്, അതിനെ വീടെന്ന് പറഞ്ഞുകൂടാ. ഒരു ഇടുങ്ങിയ മുറിയിൽ, വൃത്തിഹീനമായ ചുറ്റുപാടിൽ അറപ്പുളവാക്കുന്ന അന്തരീക്ഷത്തിൽ പാവം, ഈ കലാകാരി, ആ അവസ്ഥ വളരെ ദയനീയമായിരുന്നു. ഏകാന്തതയും വാർധക്യവും രോഗവും അവരെ പൂർണമായും കീഴടക്കിയിരിക്കുന്നു.

രോഗമില്ലാത്തവന് രോഗമുണ്ടാകാനും രോഗമുള്ളവന് അത് മൂർധന്യത്തിലെത്താനും ഈ മുറിയും പരിസരവും ധരാളം. A total social and hygienic deprivation അതാണ് അന്നേരം തോന്നിയത്.

ഞങ്ങളെ കണ്ടപ്പോൾ വലിയ ബഹുമാനവും അതിലേറെ ദുഃഖവും. അവർ എണീക്കാൻ ശ്രമിച്ചു. ശരീരം വളരെ ക്ഷീണിച്ചിരിക്കുന്നു. എന്തെല്ലാമോ ചപ്പുചവറുകളും മറ്റും കൂട്ടിയിരിക്കുന്നു കട്ടിലിന്റെ ഒരു വശത്ത്. മറ്റേ പാതിയിലാണ് വിശ്രമം.

ഞാൻ അവരെ വിശദമായി പരിശോധിച്ചു. രക്തക്കുറവുണ്ട്. പ്രമേഹം അധികരിച്ചിരിക്കുന്നു. ജി.ആർ.ബി.എസ്. 358 mgl. രക്തചംക്രമണവും ശ്വാസോച്ഛ്വാസവും നാഡിമിഡിപ്പും സാധാരണ ഗതിയിൽ. പ്രമേഹം നാഡീവ്യവസ്ഥയെ ബാധിച്ചിരിക്കുന്നു. കാല് നിലത്ത് വെക്കുമ്പോൾ അറിയുന്നില്ല.

**വാർദ്ധക്യം ഒരു ശാപമായി ഈ കലാകാരിയുടെ മുൻപിൽ വന്നിറങ്ങുമ്പോൾ തനിയ്ക്കുള്ളതെല്ലാം അന്യമാകുമ്പോൾ, സ്വപ്നങ്ങൾക്കുപോലും ഭീകരത കൈവരുന്നു**

"ഇത് കുഴപ്പമാണ്. പഞ്ചസാരയും പ്രായവും, ഏകാന്തതയും നല്ല കോമ്പിനേഷൻ ആണ്. കുഴപ്പമാകാൻ വേറെയൊന്നും വേണ്ട".

"ആശുപത്രിയിൽ കൊണ്ടുപോകണം. കാര്യമായിത്തന്നെ നോക്കണം."

ഞങ്ങൾ മാറി മാറി നിർബന്ധിക്കുമ്പോഴും ഈ കലാകാരിയുടെ മനസ്സിൽ, പിറ്റേന്ന് തൃശ്ശൂരിൽ ഷെഡ്യൂൾ ചെയ്തിരിക്കുന്ന ഷൂട്ട് ആണ്.

"ഞാൻ ആയിരം രൂപ അഡ്വാൻസ് വാങ്ങിയതാണ്. എന്തൊക്കെ സംഭവിച്ചാലും അത് തീർത്ത് കൊടുക്കണം. എന്നിട്ടേ ആശുപത്രിയിൽ വരൂ." അവർ തീർത്തു പറഞ്ഞു.

ചെയ്യാമെന്നേറ്റ ജോലിക്ക് ഇത്രയും പ്രാധാന്യം കൽപിക്കുന്ന ഒരാളെ ഇക്കാലത്ത് കണ്ടുകിട്ടുക പ്രയാസം. എന്നാൽ ഈ പ്രായത്തിലും രോഗത്തിലും അഭിനയത്തിനായി ഓടി നടക്കുന്നു അച്ഛമ്മ എന്നാണ് പേരക്കുട്ടിയുടെ പരാതി. ശാന്താദേവിയുമായി അൽപമെങ്കിലും ബന്ധം പുലർത്തുന്നത് പേരക്കുട്ടി മാത്രം. അയൽക്കാർ പറയുന്നു.

അതിനേക്കാൾ വൈരുധ്യം, ശാന്താദേവിയെപ്പോലുള്ള ദേശീയ അവാർഡ് വരെ നേടിയ ഒരു കലാകാരിക്ക് കിട്ടുന്ന അഡ്വാൻസ് തുക ആയിരം രൂപ! അങ്ങനെയെങ്കിൽ, പ്രതിഫലത്തുക നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. അതും സിനിമാലോകത്തെ മായക്കാഴ്ചകൾ!

വാർധക്യം ഒരു ശാപമായി ഈ കലാകാരിയുടെ മുൻപിൽ വന്നിറങ്ങുമ്പോൾ തനിക്കുള്ളതെല്ലാം സമ്പത്തും ബന്ധങ്ങളും സ്വന്തങ്ങളും ആരോഗ്യവും മനസ്സമാധാനവും അന്യമാകുമ്പോൾ, സ്വപ്നങ്ങൾക്കുപോലും ഭീകരത കൈവരുമ്പോൾ, ജീവിത ചക്രവാളം മുമ്പിൽ കാണുന്ന ഒരാൾക്ക് മതിഭ്രമവും വിഷാദവും വന്നില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളൂ.

ഞങ്ങളുടെ ഏറെ നിർബന്ധത്തിനുശേഷം, അവർ ആശുപത്രിയിൽ വരാമെന്നേറ്റു. ആശുപത്രിയിലേക്കുള്ള യാത്രയിലും വഴിനീളെ അവർ പറഞ്ഞുകൊണ്ടിരുന്നത് കൈപ്പറ്റിയ അഡ്വാൻസ് പണത്തെപ്പറ്റിയും ഇപ്പോൾ ആശുപത്രിയിൽ വന്നാൽ തൃശ്ശൂരിലെ ഷൂട്ട് നഷ്ടപ്പെടും എന്നതുമാണ്.

ശാന്താദേവി, മനസ്സിനെ വല്ലാതെ അലോസരപ്പെടുത്തി. ചിന്താധാരയിൽ മുറിപ്പാടുണ്ടാക്കി. അവർ ഒരു ഉദാഹരണം മാത്രം. അറിയപ്പെടാത്ത എത്രയോ ശാന്താദേവിമാർ... വാർധക്യം ഇന്ന് കേരളത്തിന് ഒരു ശാപമാകുന്നു. വരുന്ന പത്തുവർഷത്തിൽ കേരളം അഭിമുഖീകരിക്കാൻപോകുന്ന ഏറ്റവും വലിയ പൊതുജനാരോഗ്യ പ്രശ്നവും സാമൂഹിക പ്രശ്നവും എയ്ഡ്സോ പകർച്ചവ്യാധികളോ അല്ല മറിച്ച് വാർധക്യവും അനുബന്ധ പ്രശ്നങ്ങളുമാണ്.

മലയാളിയുടെ നന്മ മലയാളിതന്നെ തച്ചുടച്ചുകൊണ്ടിരിക്കുന്നു. മലയാളിത്തം എന്നോ കൈമോശം വന്നിരിക്കുന്നു. കൂട്ടു കുടുംബവ്യവസ്ഥയെ തള്ളിപ്പറഞ്ഞ് അണുകുടുംബത്തിൽ ചേക്കേറിയ മലയാളി മാതാപിതാക്കൾക്കും മുത്തശ്ശൻമാർക്കും മുത്തശ്ശിമാർക്കും ഷോക്കേസിൽ പോലും സ്ഥാനം കൽപിക്കുന്നില്ല എന്ന നിലയിലേക്ക് നീങ്ങുമ്പോൾ, കുടുംബം എന്നത് അൾട്രാ ന്യൂക്ലിയർ ഫാമിലി സംവിധാനത്തിലേക്ക് ചുരുങ്ങുന്നു. കൂട്ടത്തിൽ വാർധക്യം വലിയ ഭാരമാകുന്നു. ചെറുപ്പത്തിന് കൂട്ടായി ലഹരി സ്ഥാനം പിടിക്കുന്നു. ബാല്യവും വാർധക്യവും സമാനമെന്ന തത്ത്വം നാം മറക്കുന്നു. വാർധക്യമെന്നാൽ ബാല്യം പോലെ തന്നെ. ഏറ്റവും ശ്രദ്ധയും ശുശ്രൂഷയും വേണ്ട സമയം. സ്നേഹവും അർപ്പണവും വേണ്ട സമയം. അത് കിട്ടാതെ വരുമ്പോൾ, ആ മനസ്സുകൾ തകരുന്നത് സ്വാഭാവികം. മനസ്സ് മതിഭ്രമം പിടിച്ച് ജൽപനം ചെയ്യുന്നത് ശാന്താദേവിയുടെയോ, തിലകന്റേയോ പ്രശ്നമല്ല. നാം ഓരോരുത്തരും കടന്നു പോകേണ്ടുന്ന വലിയ ഒരു വിഷമവൃത്തം.

സായ്പിന്റെ രീതികളെ ആഗോളവത്കരിക്കുമ്പോൾ, അവയിലെ ചീത്ത വശങ്ങൾ മാത്രം സ്വീകരിക്കുകയും നന്മയെ സൗകര്യപൂർവം മറക്കുകയും ചെയ്യുന്ന അനുകരണ രീതിയാണ് നമ്മുടേത്.

**നാലു ദിവസം മുൻപ് ധരിച്ച അവരുടെ വസ്ത്രം പോലും മാറ്റിയിട്ടില്ല. മരുന്നുകൾ കഴിച്ചിട്ടില്ല. അവർ ഒറ്റയ്ക്കാണ്. ഇരുട്ടിൽ ഒറ്റയ്ക്ക്. ഇന്ത്യയുടെ ദേശീയ അവാർഡ് വാങ്ങിയ കലാകാരി**

ശാന്താദേവിമാർക്ക് ഒരു സമ്പൂർണ പുനരധിവാസം അത്യന്താപേക്ഷിതമാണ്. ശാസ്ത്രീയവും ഫലവത്തായതുമായ ഒന്ന്. മുതിർന്നവർ നമുക്ക് ഭാരമല്ല. ആകരുത്. അവരുടെ അനുഭവസമ്പത്ത് ഇളം തലമുറയ്ക്ക് കിട്ടണം. നമുക്ക് വേണ്ടത് സമഗ്രമായ പുനരധിവാസമാണ്. മുതിർന്നവരെ മാത്രമല്ല, തല തിരിഞ്ഞ മനസ്സുകളുടെ പുനരധിവാസവും 'ബ്രിഡ്ജിങ് ദി ജനറേഷൻ' എന്ന തലമുറകളുടെ അന്തരം കുറയ്ക്കുന്ന ഒരു പാലവുമാണ്.

ശാന്താദേവി എന്ന കലാകാരിക്ക് ഇന്ന് അറംപറ്റിയതുപോലെയായി കാര്യങ്ങൾ. കേരള കഫേയിൽ വഴിയോരത്ത് ഉപേക്ഷിക്കപ്പെടുന്ന അമ്മയുടെ ഭാഗം ചെയ്തത് ശാന്താദേവിയായിരുന്നു. കേരള കഫേയിലെ ഏറ്റവും ശക്തമായതും മനസ്സിനെ മുറിവേൽപ്പിച്ചതും ആ കഥാപാത്രമായിരുന്നു. അവർക്ക് അത് ചെയ്യുമ്പോൾ പ്രത്യേകിച്ച് അഭിനയിക്കേണ്ടിവന്നിട്ടുമില്ല.

കഴിഞ്ഞ ദിവസം ഞാനും റസാഖും പ്രേംചന്ദും ദീദിയും ജില്ലാ കളക്ടർ ഡോ. പി.ബി. സലീമിന്റെ കൂടെ വീണ്ടും ശാന്താദേവിയുടെ വീട്ടിൽ പോയി. നാലു ദിവസം മുൻപ് ധരിച്ച അവരുടെ വസ്ത്രം പോലും മാറ്റിയിട്ടില്ല. മരുന്നുകൾ കഴിച്ചിട്ടില്ല. വീട്ടിലെ ദുരവസ്ഥ നേരിൽകണ്ട കളക്ടർ വീട് വൃത്തിയാക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യാൻ ഉത്തരവിട്ടു. പക്ഷേ, അവർ ഒറ്റയ്ക്കാണ്. ഇരുട്ടിൽ ഒറ്റയ്ക്ക് ഇന്ത്യയുടെ ദേശീയ അവാർഡ് വാങ്ങിയ കലാകാരി.

ശാന്താദേവിയെ ഉടൻ പുനരധിവസിപ്പിക്കാൻ വേണ്ടത് ചെയ്യാമെന്ന് ജില്ലാ ഭരണകൂടം. സാമ്പത്തിക സഹായം ചെയ്യാമെന്ന് റസാഖ്, ആരോഗ്യ സംരക്ഷണം ഏറ്റെടുക്കാമെന്ന് മിംസ്.

നല്ലത്. പക്ഷേ, ഒട്ടനവധി ശാന്താദേവിമാർ പുനരധിവാസം കാത്ത് നിൽക്കുന്നു. എന്ന്, എങ്ങനെ, മനസ്സിൽ പിന്നെയും ചോദ്യങ്ങൾ ബാക്കി. ■

